# നിങ്ങളും നിയമ സഹായവും

## 1 എന്താണ് നിയമ സഹായം?

കോടതികളിലോ, ട്രൈബ്യൂണലുകളിലോ കേസ് വാദിക്കുന്നതിന് വക്കീലിനെ ഏർപ്പെടുത്തുവാൻ സാമ്പത്തികമായി സാധിക്കാത്തവർക്ക് ലീഗൽ സർവ്വീസസ് അതോറിറ്റി നിയമത്തിലെ 12-ാം വകുപ്പിന് വിധേയമായി സൗജന്യ നിയമ സഹായം ലഭിക്കുന്നു.



## 2 ഒരു തടവുപുള്ളിക്ക് നിയമ സഹായത്തിനുള്ള അർഹതയുണ്ടോ?

ഉണ്ട്. 1987 ലെ ലീഗൽ സർവ്വീസസ് അതോറിറ്റി നിയമത്തിലെ 12 (g) വകുപ്പ് പ്രകാരം.

## 3 സൗജന്യ നിയമ സഹായത്തിന് ആരെയാണ് സമീപിക്കേണ്ടത്?

i. ഹാജരാക്കിയ / കേസ് നടക്കുന്ന കോടതി മുമ്പാകെ
ii. തടവിലാണെങ്കിൽ ജയിൽ അധികാരികൾ മുമ്പാകെ
iii. താലൂക്ക് നിയമ സേവന കമ്മിറ്റി (TLSC)
iv. ജില്ലാ നിയമ സേവന അതോറിറ്റി (DLSA)
v. സംസ്ഥാന നിയമ സേവന അതോറിറ്റി (SLSA)
vi. ഹൈക്കോടതി നിയമ സേവന കമ്മിറ്റി (HCLSC)
vii. സുപ്രീംകോടതി നിയമ സേവന കമ്മിറ്റി (SCLSC)
viii. ദേശീയ നിയമ സേവന അതോറിറ്റി (NALSA)

## 4 എന്തെല്ലാം നിയമ സേവനങ്ങളാണ് ലഭിക്കുന്നത്?

a. കേസ് വാദിക്കുവാൻ വക്കിലിന്റെ
b. കോടതി ചിലവും
c. ഹർജികൾ തയ്യാറാക്കുവാനും ഫയൽ ചെയ്യുന്നതിനുമുള്ള സഹായം
d. അഭിഭാഷകന്റെ ഫീസ്.
e. കോടതി ഉത്തരവുകളുടെയും മറ്റു രേഖകളുടെയും പകർപ്പുകൾ നേടുന്നതിനുള്ള ചിലവ്
f. രേഖകൾ പരിഭാഷപ്പെടുത്തുവാനും അച്ചടിക്കുന്നതിനുൾപ്പടെയുള്ള ചിലവ്

## 5 നിയമ സഹായത്തിനുവേണ്ടി അപേക്ഷിക്കുന്നതെങ്ങനെ?



I. മുകളിൽ പറഞ്ഞിരിക്കുന്ന അധികാരികൾ മുൻപാകെ അപേക്ഷകൾ എഴുതി സമർപ്പിക്കാവുന്നതാണ്
II. അപേക്ഷകന് എഴുതുവാനോ വായിക്കുവാനോ അറിയില്ലെങ്കിൽ അപേക്ഷകന്റെ പരാതി നിയമ സേവന അതോറിറ്റി എഴുതിയെടുക്കുകയും, അപേക്ഷകന്റെ വിരലടയാളം പതിച്ച പ്രസ്തുത രേഖ അപേക്ഷയായി പരിഗണിക്കുന്നതുമാണ്.



## 6 നിയമ സഹായം ലഭിക്കുന്നതെങ്ങിനെ?



നിയമ സേവന സ്ഥാപനങ്ങളാണ് നിയമ സേവനം നൽകുന്നത്.
1. താലൂക്ക് നിയമ സേവന കമ്മിറ്റി (TLSC)
2. ജില്ലാ നിയമ സേവന അതോറിറ്റി (DLSA)
3. സംസ്ഥാന നിയമ സേവന അതോറിറ്റി (SLSA)
4. ഹൈക്കോടതി നിയമ സേവന കമ്മിറ്റി (HCLSC)
5. ദേശീയ നിയമ സേവന അതോറിറ്റി (NALSA)
6. സുപ്രീംകോടതി നിയമ സേവന കമ്മിറ്റി (SCLSC)

## 7 നിയമ സഹായം സ്വീകരിക്കുന്ന വ്യക്തിയുടെ കടമകൾ എന്തെല്ലാമാണ്?

1. നിയമ സേവന സ്ഥാപനത്തിന്റെ സെക്രട്ടറി നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുക
2. അഭിഭാഷകനെ കേസിന്റെ പൂർണ്ണവും സത്യസന്ധവുമായി വിവരങ്ങൾ അറിയിക്കുക
3. വക്കീലിന് നിങ്ങൾ ഫീസ് നൽകേണ്ടതില്ല.
4. വക്കീലുമായി ബന്ധപ്പെടുന്നതിനോ അല്ലെങ്കിൽ കോടതിയിലോ നിയമ സേവന സ്ഥാപനത്തിലോ ഹാജരാകുന്നതിനോ ഒരു കുടുംബാംഗത്തെ നിയോഗിക്കുക.

## 8 നിയമ സഹായം ഉറപ്പാക്കുന്നതിന് കോടതിയുടെയും പോലീസിന്റെയും കടമകൾ

A. കുറ്റാരോപിതന് അഭിഭാഷകന്റെ സേവനം ലഭിക്കുവാൻ ഭരണഘടനാപരമായ അവകാശമുണ്ടെന്ന് ബോധ്യപ്പെടുത്തേണ്ടത് പോലീസിന്റെ കടമയാണ്.
B. കോടതിയിൽ ഹാജരാക്കുന്ന കുറ്റാരോപിതന് നിയമസഹായം ആവശ്യമുണ്ടോ എന്ന് അന്വേഷിക്കേണ്ടതും ആവശ്യമെങ്കിൽ സൗജന്യമായി അഭിഭാഷകന്റെ സേവനം ലഭ്യമാക്കുന്നതും കോടതിയുടെ കടമയാണ്.